**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 392** **23-06-2026-ൽ മറുപടിയ്ക്ക്**

**"ഫൈബർ ബാങ്ക്" പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ കയർ സംഘങ്ങൾക്ക് ഗുണനിലവാരമുള്ള ചകിരി ലഭ്യമാക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച "ഫൈബർ ബാങ്ക്" പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**മറുപടി:** കയർ വ്യവസായ മേഖലയിലെ അസംസ്കൃത വസ്തുവായ ചകിരി നാരിന്റെ കുറവ് കാരണം പല കയർപിരി സംഘങ്ങളുടെയും പ്രവർത്തനം നിലച്ച് പോകുന്ന പ്രശ്നത്തിന് ഒരു പരിഹാരം എന്ന നിലയിൽ 5 കോടി രൂപ വകയിരുത്തി കയർഫെഡ് വഴി ചകിരി വിതരണം ചെയ്യുന്നതിന് ആരംഭിച്ചതാണ് 'ഫൈബർ ബാങ്ക്' പദ്ധതി. ചകിരിയുടെ ലഭ്യതയും വിതരണവും ഉറപ്പാക്കുന്നതിനായി കയർ ഫൈബർ ബാങ്കിനു കീഴിൽ ഫൈബർ പ്രൊക്യൂയർമെന്റ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കയർഫെഡ് നടപടികൾ പൂർത്തിയാക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം (2025-2026) 3.95കോടി രൂപ കയർഫെഡിനു അനുവദിച്ചിട്ടുള്ളതും 1357.45 ക്വിൻറൽ ചകിരി സംഭരിച്ച് കയർഫെഡ് സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ സാമ്പത്തിക വർഷാന്ത്യത്തിൽ ട്രഷറിയിൽ നിന്നും തുക തിരിച്ച് എടുത്തിട്ടുള്ളതിനാൽ തുടർന്ന് ചകിരി സംഭരണവും വിതരണവും നടന്നിട്ടില്ല. തൻവർഷം സംഘങ്ങൾക്ക് ചകിരി വിതരണം നടത്തുന്നതാണ്

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1500 ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ (എ.എസ്.എം.) സ്ഥാപിച്ചതിലൂടെ കയർ ഉത്പാദനത്തിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച 1500 ഓട്ടോമാറ്റിക് മെഷീനുകൾ സ്ഥാപിച്ചത് കൊണ്ടു മാത്രം കയർ ഉല്പാദനം വർദ്ധിച്ചിട്ടില്ല. 2020-21-ലെ കയർ ഉത്പാദനം ആകെ 22240.65 മെട്രിക് ടൺ ആയിരുന്നു . തുടർന്നുള്ള 5 വർഷങ്ങളിലെ കയർ ഉൽപാദനം ചുവടെ ചേർക്കുന്നു. ഉല്പാദനം ശരാശരി 13350 മെട്രിക് ടൺ മാത്രമാണ്.

1. 2021-22 - 18681.9 MT

2. 2022-23 - 13105.72 MT

3. 2023-24 - 11136.15 MT

4. 2024-25 - 11900.00 MT

5. 2025-26 - 11923.22 MT

ഇത് വെളിവാകുന്നത് കയർ ഉല്പാദനം 40% കുറഞ്ഞിട്ടുള്ളതായിട്ടാണ് കാണുന്നത്.

**(സി)** കയർ പിരി സംഘങ്ങൾക്ക് യഥാസമയം ഉത്പ്പന്ന വില ലഭ്യമാക്കാൻ മുൻ സർക്കാർ രൂപീകരിച്ച കയർ 'റിവോൾവിംഗ് ഫണ്ട്' എത്രമാത്രം പ്രയോജനപ്രദമായിരുന്നു എന്ന് വിശദീകരിക്കാമോ?

**മറുപടി:** റിവോൾവിംഗ് ഫണ്ട് പദ്ധതി വഴി കയർഫെഡ് ആലപ്പുഴ, കൊല്ലം, കോഴിക്കോട് , കൊച്ചി റീജിയണൽ ഓഫീസുകളുടെ പരിധിയിൽ വരുന്ന കയർപിരി സംഘങ്ങൾക്ക് കയർ വിലയിനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശിക തുകയിൽ ഏഴ് കോടി രൂപ വിതരണം ചെയ്യാൻ കഴിഞ്ഞു. കയർ കോർപറേഷൻ വഴി 3 കോടി രൂപ സംഘങ്ങളുടെ കയർ /കയർ ഉത്പന്ന വില കുടിശിക ഇനത്തിൽ വിതരണം ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം ആകെ 10 കോടി രൂപ സംഘങ്ങൾക്ക് വിതരണം നടത്താൻ കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**